ബഡ്ജറ്റ് വിഹിത വിനിയോഗം

40 (3242) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ വിവിധ വകുപ്പുകൾ വിനിയോഗിച്ച തുക എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തുവിട്ട കണക്കു പ്രകാരം 2014-15 വർഷത്തെ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ 2015 ഒക്ടോബർ 31- വരെ വിവിധ വകുപ്പുകൾ വിനിയോഗിച്ച തുക എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തുവിട്ട കണക്കു പ്രകാരം 2015-16 വർഷത്തെ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നുവെന്നും അതിൽ വിവിധ വകുപ്പുകൾ 2015 ഒക്ടോബർ 31 വരെ ചെലവഴിച്ച തുക എത്രയാണെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ പ്ലാൻ ബഡ്ജറ്റ് വിഹിതത്തിൽ വിവിധ വകുപ്പുകൾ 31-3-2015 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം (ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ ഉൾപ്പെടുത്തിയ കണക്ക് ഉൾപ്പെടെ) 79% ചെലവഴിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തുവിട്ട കണക്കുപ്രകാരം 2014-15 വർഷത്തെ പ്ലാൻ ബഡ്ജറ്റ് വിഹിതം 20,000 കോടി രൂപയായിരുന്നു. വകുപ്പുതിരിച്ച കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) 2015-16 സാമ്പത്തിക വർഷത്തെ പ്ലാൻ ബഡ്ജറ്റ് വിഹിതത്തിൽനിന്നും 31-10-2015 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 31% ചെലവഴിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തുവിട്ട കണക്ക് പ്രകാരം 2015-16 വർഷത്തെ പ്ലാൻ ബഡ്ജറ്റ് വിഹിതം 20,000 കോടി രൂപയാണ്. വിവിധ വകുപ്പുകൾ 31-10-2015 വരെ ചെലവഴിച്ച കണക്ക് (താൽക്കാലിക കണക്ക്) അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly